പതിനാലാം കേരള നിയമസഭ
പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1009** | **05.03.2020-ൽ** മറുപടിക്ക്

## ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. പി. ഉണ്ണി** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ഒറ്റപ്പാലം ബൈപ്പാസ് നിർമ്മിക്കുന്നതിനായി എത്ര കോടി രൂപയാണ് അനുവദിച്ചതെന്ന് അറിയിക്കാമോ;<br>(ബി) ഇക്കാര്യത്തിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;<br>(സി) ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണത്തിനായിട്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;<br>(ഡി) അതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദാംശം നൽകാമോ? | (എ) യും (ബി) യും (സി) യും (ഡി) യും<br>27.09.2016-ലെ സ.ഉ(സാധാ)നം.1324/2016/ പൊ.മ.വ പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം ബൈപ്പാസിന് 15 കോടി രൂപ അനുവദിക്കുകയും റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയമിക്കുകയും ചെയ്തിരുന്നു. ആർ.ബി.ഡി.സി.കെ വിശദമായ പദ്ധതി രേഖ തയ്യാറാക്കി സമർപ്പിക്കുകയും 03.05.2018-ലെ സ.ഉ(സാധാ)നം.792/2018/ പൊ.മ.വ പ്രകാരം ഒറ്റപ്പാലം ബൈപ്പാസിന് 79.42 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തു. കിഫ്ബിയുടെ 15.05.2018-ലെ ഉത്തരവ് പ്രകാരം ഒറ്റപ്പാലം ബൈപ്പാസിന് 78.05 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തുടർന്ന് പദ്ധതിക്ക് ആവശ്യമായ ഒറ്റപ്പാലം വില്ലേജിലെ 325 ആർ ഭൂമി ഏറ്റെടുത്ത് ലഭിക്കുന്നതിനായി 03.09.2018-ൽ പാലക്കാട് ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിച്ചു. സർവ്വേ & അതിരടയാളം ആക്ട് വകുപ്പ് 6(1) പ്രകാരമുള്ള വിജ്ഞാപനം എൽ.എ തഹസിൽദാർ 17.11.2018-ലെ 2755-ാം നമ്പർ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യമായ സ്ഥലമെടുക്കുന്നതിനുള്ള അനുമതി 28.06.2019-ലെ സ.ഉ(സാധാ) നം.1676/2019/റവ പ്രകാരം നൽകിയിട്ടുണ്ട്. സ്ഥല ഉടമകളുടെ എതിർപ്പുമൂലം അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനു വേണ്ടി |

പോലീസ് സഹായത്തിനായി പാലക്കാട് ജില്ലാ കളക്ടർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 17.09.2019-ന് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുകയും, തുടർന്നുള്ള ദിവസങ്ങളിൽ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കി 09.10.2019-ൽ സംയുക്ത പരിശോധനയും പൂർത്തിയാക്കിയിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികളുടെ പ്രാഥമിക ചെലവുകൾക്കാവശ്യമായ കണ്ടിജൻസി ചാർജ് കിഫ്ബിയിൽ നിന്നും അനുവദിക്കുകയും 25 ലക്ഷം രൂപയുടെ ചെക്ക് തഹസിൽദാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ ഭാഗമായ പബ്ലിക് ഹിയറിംഗ് 17.02.2020-ൽ നടക്കുകയും റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയുമാണ്. എസ്.ഐ.എ റിപ്പോർട്ടിന് അംഗീകാരം ലഭിച്ച ശേഷം ഭൂമിയേറ്റെടുക്കലിന്റെ തുടർ നടപടികൾ തഹസിൽദാർ സ്വീകരിക്കുന്നതാണ്. നിലവിൽ ഭൂമി ഏറ്റെടുക്കലിന് തടസ്സങ്ങൾ ഒന്നും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ